# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3827    31/01/2014- ൽ മറുപടിക്ക്**

## മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്ന് കേന്ദ്രീകരിച്ച് വൈദ്യുതി സെക്ഷൻ ഓഫീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്ന് കേന്ദ്രീകരിച്ച് വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനായുള്ള നിർദ്ദേശം ലഭ്യമായിട്ടുണ്ടോ; | (എ) കൃഷ്ണപുരം, ചാരുംമൂട് എന്നീ സെക്ഷനുകൾ വിഭജിച്ച് വള്ളിക്കുന്ന് കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം തയ്യാറാക്കിയിരുന്നു. മാനദണ്ഡങ്ങൾക്കനുസൃതമല്ലാത്തതിനാൽ പ്രസ്തുത സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) മാവേലിക്കര മണ്ഡലത്തിലെ മാവേലിക്കര ഈസ്റ്റ് വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനായി നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോ; സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുമോ; | (ബി) നിർദ്ദേശം തയ്യാറാക്കിയിരുന്നു. മാവേലിക്കര സെക്ഷൻ ഓഫീസിന്റെ വിഭജനം മാനദണ്ഡങ്ങൾക്കുള്ളിൽ വരുന്നതല്ലാത്തതിനാൽ ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. |
| (സി) ചാരുംമൂട് സെക്ഷൻ ആഫീസിനു സ്വന്തമായി കെട്ടിടം നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടു | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ കെട്ടിടം പണിയുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ ഡിസൈൻ ഡ്രോയിങ്ങ്സ് തയ്യാറാക്കുന്നതിന് ചീഫ് എഞ്ചിനിയർ (സിവിൽ ഡിസൈൻസ്) |

| | |
|---|---|
| ണ്ടോ; ഇതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ ലഭ്യമാക്കുമോ; ഇതിന്റെ നിലവിലെ സ്ഥിതി യുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | മദ്ധ്യ മേഖല വിതരണ വിഭാഗം ചീഫ് എഞ്ചിനിയർ പ്ലാൻ കൈമാറിയിട്ടുണ്ട്. ഇതിൻ പ്രകാരം പ്രസ്തുത ഓഫീസിൽ നിന്നും ഡിസൈൻ തയ്യാറാക്കി വരുന്നു.<br><br>ഇതുമായി ബന്ധപ്പെട്ട വൈദ്യുതി ബോർഡിലെ ഫയൽ നമ്പർ 855/ഡി.പി.സി3എ.ഇ.4/2013/എം (ഡിസ്റ്റ്) ആകുന്നു. ചീഫ് എഞ്ചിനിയർ (സിവിൽ ഡിസൈൻസ്) ഓഫീസിലെ ഫയൽ നമ്പർ Design/Bldg/Chmd എന്നതാണ്. |

സെക്ഷൻ ഓഫീസർ